പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ

784. [974] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പുതിയതായി അനുവദിച്ചു ;

(ബി) എവിടെയെല്ലാം ?

ഉത്തരം

(എ) ആറ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്ന രണ്ട് കോച്ചിംഗ്-കം-ഗൈഡൻസ് സെൻററുകളും അനുവദിച്ചിട്ടുണ്ട്.

(ബി) പത്തനംതിട്ടയിൽ ഒരു ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും, പൊന്നാനി, തിരൂർ, കരുനാഗപ്പള്ളി, ചങ്ങനാശ്ശേരി, കായിലാണ്ടി എന്നിവിടങ്ങളിൽ ഓരോ ഔൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഓരോ കോച്ചിംഗ്-കം-ഗൈഡൻസ് സെൻററുകളുമാണ് പുതിയതായി അനുവദിച്ചത്.

വിഴിഞ്ഞത്ത് ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്

785. [975] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം കേന്ദ്രമാക്കി ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് അനുവദിക്കുമോ ?

ഉത്തരം

വിഴിഞ്ഞം ഉൾപ്പെട്ട നെയ്യാറ്റിൻകര താലൂക്കിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുള്ളതിനാൽ വിഴിഞ്ഞത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് അനുവദിക്കുവാൻ നിർവ്വാഹമില്ല.

1985-86 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽ ലഭിച്ചവർ

786. [976] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. ശങ്കരനാരായണ പിള്ള :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

1985-86 സാമ്പത്തിക വർഷത്തിൽ 13,905 പേർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly